Draft #73 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 24-Apr-2020 11:58 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ച തീയതിക്ക് (2020 മാർച്ച് 24) മുൻപ് ഫിനാൻസ് വിഭാഗത്തിൽ ലഭിച്ച ഫയലുകളിൽ 2019-20 വർഷത്തെ ബജറ്റ് ശീർഷകങ്ങളിൽ നിന്ന് ചെലവ് വകയിരുത്തണമെന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച നിർദ്ദേശം പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 1864/AD A1/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 24.04.2020

---

*പരാമർശം:*-ഫിനാൻസ് ഓഫീസറുടെ സമർപ്പണം, വൈസ് ചാൻസിലറുടെ 22.04.2020 തീയതിയായിട്ടുള്ള ഉത്തരവ് സഹിതം.

**ഉത്തരവ്**

രാജ്യത്ത് ലോക്ക് ഡൗൺ പ്രഖ്യാപിച്ച തീയതിക്ക് (2020 മാർച്ച് 24) മുൻപ് ഫിനാൻസ് വിഭാഗത്തിൽ ലഭിച്ച ഫയലുകളിൽ 2019-20 വർഷത്തെ ബജറ്റ് ശീർഷകങ്ങളിൽ നിന്ന് ചെലവ് വകയിരുത്തണമെന്ന നിർദ്ദേശം/ഉത്തരവ് ഉണ്ടായിരുന്നുവെങ്കിലും, ലോക്ക് ഡൗണിൻെറ പശ്ചാത്തലത്തിൽ സർവ്വകലാശാലയുടെ പ്രവർത്തനം നിശ്ചലമായിരുന്ന സാഹചര്യത്തിൽ ഭരണവിഭാഗത്തിലെ പല സെക്ഷനുകൾക്കും മാർച്ച് 31-ന് മുൻപ് ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കാതെ വരുകയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് ഫിനാൻസ് ഓഫീസർ നൽകിയ നിർദ്ദേശം പരിഗണിച്ച്, മാർച്ച് 31-ന് മുൻപ് ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കാതെ വന്നിട്ടുള്ള ഫയലുകളിൽ 2020 - 21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സമാനമായ ശീർഷകം ഉണ്ടെങ്കിൽ ആ ശീർഷകത്തിൽ നിന്ന് ചെലവ് വകയിരുത്തി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും അതിനായി ഫയൽ വീണ്ടും ധനകാര്യ വിഭാഗത്തിലേക്ക് സമർപ്പിക്കേണ്ടതില്ലയെന്നും സമാനമായ ശീർഷകം ലഭ്യമല്ലാത്ത കേസുകളിൽ മാത്രം ഫിനാൻസ് വിഭാഗത്തിലേക്ക് ഫയൽ സമർപ്പിച്ചാൽ മതിയെന്നും വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലർ പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
3. ജോയിൻറ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
4. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. സർവ്വകലാശാല
5. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #73 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 24-Apr-2020 11:58 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം